ഉത്തരം

(എ) 31-5-2000-ൽ 500 ദിവസം പൂർത്തിയാക്കിയ എച്ച്.ആർ., സി.എൽ.ആർ., എസ്.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(സി ആന്റ് ഡി) ഇക്കാര്യം വിശദമായ പരിശോധനയിലാണ്.

3-ാം ഗ്രേഡ് ഓവർസീയർമാരുടെ നിയമനം

64 [3651] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച 3-ാം ഗ്രേഡ് ഓവർസീയർമാരുടെ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് ജലവിഭവ വകുപ്പിൽ നിയമനം നൽകി;

(ബി) ജലവിഭവ വകുപ്പിൽ 3-ാം ഗ്രേഡ് ഓവർസീയർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്; എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പായി എത്രപേരെ കൂടി നിയമിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 308 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഒഴിവുകൾ ഉണ്ടോയെന്നത് കണക്കാക്കി വരുന്നതേയുള്ളൂ. ഇപ്പോഴുള്ള 3 ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്.

(സി) ഒഴിവുകൾ ഉണ്ടോയെന്ന് കണക്കാക്കിയശേഷം നിയമനം നടത്തുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

കാഴ്ചബംഗ്ലാവുകളുടേയും മൃഗശാലകളുടേയും പ്രവർത്തനം

65 [3652] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളുടെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും ഓരോന്നിനും എന്തു തുക ചെലവിട്ടുവെന്നും തരംതിരിച്ച് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൃഗശാലകളിലെ ടിക്കറ്റ് കളക്ഷനിലൂടെയും ഇതര മാർഗ്ഗങ്ങളിലൂടെയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തുതുക ലഭിച്ചു എന്ന് തരംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) മറ്റു രാജ്യങ്ങളിൽനിന്നോ സംസ്ഥാനങ്ങളിൽനിന്നോ മൃഗങ്ങളെ കൊണ്ടുവന്നതിന് എന്തുതുക ചെലവായി എന്നും സംസ്ഥാനത്തെ മൃഗശാലകളിൽനിന്ന് മൃഗങ്ങളെ കൊടുത്ത വകയിൽ എന്തുതുക ലഭിച്ചു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മൃഗശാലയുടെ വികസനത്തിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

I. താഴെ പറയുന്ന മൃഗങ്ങൾക്ക് വേണ്ടിയുള്ള തുറന്ന ആവാസ കേന്ദ്രങ്ങൾ പണികഴിപ്പിച്ചു. ഓരോന്നിനും ചെലവായ തുക താഴെ ചേർക്കുന്നു.

1.	നാടൻ കുരങ്ങ്	. . 17	ലക്ഷം രൂപ
2.	സിംഹവാലൻ കുരങ്ങ്	. . 16.20	,,
3.	പന്നിക്കരടി	. . 19.75	,,
4.	ഹിമാലയൻ കരടി	. . 22.00	,,
5.	പാതിരി കുരങ്ങ്	. . 18.40	,,
6.	കരിംകുരങ്ങ്	. . 28.00	,,
7.	ഹനുമാൻ കുരങ്ങ്	. . 23.29	,,
8.	സിംഹം	. . 39.00	,,
9.	ചിമ്പാൻസി	. . 25.60	,,
10.	പുള്ളിപ്പുലി	. . 19.25	,,
11.	ഉരഗങ്ങളുടെ കൂടിന്റെ നിർമ്മാണം	. . 28.30	,,
12.	വെള്ളിക്കോഴി, സുവർണ്ണക്കോഴി മുതലായവ	. . 7.84	,,

ഇവയിൽ ഒന്ന് മുതൽ എട്ട് വരെയുള്ള മൃഗങ്ങളെ ആവാസ കേന്ദ്രങ്ങളിൽ തുറന്ന് വിട്ടിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയിൽ പക്ഷികൾക്ക് തുറന്ന ആവാസ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ മൃഗശാലയ്ക്കുള്ളിലെ തടാകം വൃത്തിയാക്കുന്നതിനും റോഡുകളുടെ നിർമ്മാണത്തിനും ഭരണാനുമതി നൽകുകയും 14.27 ലക്ഷം രൂപ പി.ഡബ്ല്യു.ഡി.-യെ എൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

II. തിരുവനന്തപുരം മൃഗശാലയിൽ സംസ്ഥാനത്തിനകത്തുനിന്നും അന്യ സംസ്ഥാനങ്ങളിൽനിന്നും 11 ഇനത്തിൽപ്പെട്ട 23 മൃഗങ്ങളെയും 5 ഇനത്തിൽപ്പെട്ട 14 പക്ഷികളെയും ഒരു രാജവെമ്പാലയേയും കൊണ്ടുവന്നിട്ടുണ്ട്. 2,16,647 രൂപ ഇതിനുവേണ്ടി ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം മൃഗശാലയിൽ പ്രവേശനടിക്കറ്റിനത്തിൽ ലഭിച്ചത്	. .	1,36,14,324	രൂപ
ഇതര മാർഗ്ഗങ്ങൾ (ക്ലോക്ക് റൂം, ക്യാമറ, കാർപാർക്കിംഗ് ഫീ, വളം)	. .	28,32,493	„
തൃശ്ശൂർ മൃഗശാലയിലെ ടിക്കറ്റ് കളക്ഷൻ	. .	59,67,561	„
ഇതരമാർഗ്ഗങ്ങളിലൂടെ ലഭിച്ചത്	. .	1,50,685	„
മൊത്തം	. .	2,25,65,063	„

(സി) മറ്റു രാജ്യങ്ങളിൽനിന്നും മൃഗങ്ങളെ കൊണ്ടുവന്നിട്ടില്ല. അന്യ സംസ്ഥാനങ്ങളിൽനിന്നും മൃഗങ്ങളെയും പക്ഷികളെയും കൊണ്ടുവന്നതിന് 21,14,897 രൂപ ചെലവായിട്ടുണ്ട്. ഇവിടെ നിന്നും മൃഗങ്ങളെ വിലയ്ക്ക് കൊടുത്തിട്ടില്ല.

വേൾഡ് ഹെറിറ്റേജ് ആയി പ്രഖ്യാപിക്കാൻ നടപടി

66 [3653] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരത്തോളം വർഷം പഴക്കമുള്ള തമിഴ്നാട്ടിലെ ഏതാനും മഹാ ക്ഷേത്രങ്ങൾ യുനസ്കോയുടെ ധനസഹായത്തോടെ വേൾഡ് ഹെറിറ്റേജ് മോണ്യുമെന്റായി പ്രഖ്യാപിക്കപ്പെട്ടത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ പുരാതന ക്ഷേത്രങ്ങൾ, മനോഹരമായ കടൽത്തീരങ്ങൾ, പക്ഷി-മൃഗസങ്കേതങ്ങൾ, വനപ്രദേശങ്ങൾ എന്നിവ വേൾഡ് ഹെറിറ്റേജ് ആയി പ്രഖ്യാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) പ്രാചീന കലാരൂപങ്ങളെയും അനുഷ്ഠാന കലകളെയും സംരക്ഷിക്കുന്നതിന് യുനസ്കോയുടെ സഹായം തേടാൻ ശ്രമിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) പ്രാചീന അനുഷ്ഠാന കലയായ കൂടിയാട്ടത്തെ ലോകപൈതൃക സ്വത്ത് ആയി 'യുനസ്കോ' അംഗീകരിക്കുകയും സംരക്ഷണത്തിന് സഹായം നൽകുകയും ചെയ്യുന്നുണ്ട്. ഇത്തരം കലാരൂപങ്ങളുടെ സംരക്ഷണത്തിന് 'യുനസ്കോ' സഹായം തേടുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly